REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 25-07-2026 സമയം 06.45 AM

## പ്രധാന വാർത്തകൾ

- രാഷ്ട്രപതി ദ്രൗപദി മുർമു, ബുക്കാറെസ്റ്റിൽ, റൊമാനിയൻ പ്രധാനമന്ത്രി ഇലി ബോലോജനുമായി കൂടിക്കാഴ്ച നടത്തി.
- കാര്യക്ഷമവും സുതാര്യവുമായ നികുതി ഭരണം സാധ്യമാക്കുന്നതിൽ ആദായനികുതി വകുപ്പിന്റെ പങ്ക് പ്രധാനമെന്ന് ധനമന്ത്രി നിർമ്മല സീതാരാമൻ.
- പരീക്ഷാ നടത്തിപ്പിൽ ഗൗരവ പരിഷ്കാരങ്ങൾ കൊണ്ടുവരുന്നതിന്റെ ഭാഗമായി, നാഷണൽ ടെസ്റ്റിംഗ് ഏജൻസി 47 ഉദ്യോഗസ്ഥരെ സർവീസിൽ നിന്ന് പിരിച്ചുവിട്ടു.
- ഭൂമി തരംമാറ്റ, പട്ടയഅപേക്ഷകൾ അടിയന്തരമായി തീർപ്പാക്കുന്നതിന് റവന്യൂ വകുപ്പ് പ്രത്യേക കർമ്മപദ്ധതിക്ക് തുടക്കമിട്ടതായി മന്ത്രി A.P അനിൽകുമാർ.
- ഇന്ത്യ-സിംബാബ്‌വെ മൂന്നു മത്സര ട്വന്റി-20 പുരുഷ ക്രിക്കറ്റ് പരമ്പരയിലെ രണ്ടാം മത്സരം ഇന്ന്.

## വാർത്തകൾ വിശദമായി

രാഷ്ട്രപതി ദ്രൗപദി മുർമു ബുക്കാറെസ്റ്റിൽ റൊമാനിയൻ പ്രധാനമന്ത്രി ഇലി ബോലോജനുമായി കൂടിക്കാഴ്ച നടത്തി. ഇന്ത്യ-റൊമാനിയ പങ്കാളിത്തം ശക്തിപ്പെടുത്തുന്നതിനെക്കുറിച്ച് ഫലപ്രദ മാർഗങ്ങൾ കൂടിക്കാഴ്ച്ചയിൽ ചർച്ചയായി. ഉഭയകക്ഷി ബന്ധം അവലോകനം ചെയ്ത ഇരു നേതാക്കളും വ്യാപാരം, നിക്ഷേപം, ശുദ്ധ ഊർജ്ജം, കണക്റ്റിവിറ്റി, വളർന്നുവരുന്ന സാങ്കേതികവിദ്യകൾ എന്നി

മേഖലകളിൽ സഹകരണം ശക്തിപ്പെടുത്തുന്നതിന് വഴികൾ ചർച്ച ചെയ്തു.

✪✪✪

രാഷ്ട്രപതി ദ്രൗപതി മുർമുവിന് റൊമാനിയ, ഡോക്ടർ ഓണറിസ് കോസ ബഹുമതി നൽകി ആദരിച്ചു. റൊമാനിയയിലെ ബുക്കാറെസ്റ്റ് യൂണിവേഴ്സിറ്റി ഓഫ് ഇക്കണോമിക് സ്റ്റഡീസാണ് രാഷ്ട്രപതിക്ക് ആദരം നൽകിയത്. വിശിഷ്ട പൊതുസേവനം, വിദ്യാഭ്യാസം-സാമൂഹിക സമത്വം, ഇന്ത്യ-റൊമാനിയ ബന്ധം ശക്തിപ്പെടുത്തുന്നതിലെ സംഭാവനകൾ എന്നിവ പരിഗണിച്ചാണ് ബഹുമതി.

ഇന്ത്യയിലെ 140 കോടി ജനങ്ങൾക്കായി ബഹുമതി സമർപ്പിച്ച രാഷ്ട്രപതി, ഇരുരാജ്യങ്ങളിലെയും ജനങ്ങൾ തമ്മിലെ ദീർഘകാല സൗഹൃദത്തെയാണ് പുരസ്കാരം പ്രതിഫലിപ്പിക്കുന്ന തെന്ന് പറഞ്ഞു.

✪✪✪

കഴിഞ്ഞ ദിവസം പോസ്റ്റ് ചെയ്ത വീഡിയോയോട് പ്രതികരിക്കുകയും നിർദ്ദേശങ്ങൾ പങ്കുവെക്കുകയും ചെയ്ത രാജ്യത്തെ യുവജനങ്ങൾക്ക് പ്രധാനമന്ത്രി നരേന്ദ്ര മോദി സാമൂഹിക മാധ്യമക്കുറിപ്പിൽ നന്ദി അറിയിച്ചു. വീഡിയോയ്ക്ക് ഇതിനകം 303 ദശലക്ഷത്തിലധികം വ്യൂസും ലഭിച്ചിട്ടുണ്ട്. പോസ്റ്റ് ചെയ്ത് 24 മണിക്കൂറിനകം ഏറ്റവും കൂടുതൽ ആളുകൾ കണ്ട റീൽ, എന്ന നേട്ടവും വീഡിയോ സ്വന്തമാക്കി.

✪✪✪

കാര്യക്ഷമവും സുതാര്യവുമായ നികുതി ഭരണം സാധ്യമാക്കുന്നതിൽ ആദായനികുതി വകുപ്പിന്റെ പങ്ക് പ്രധാനമെന്ന് ധനമന്ത്രി നിർമ്മല സീതാരാമൻ പറഞ്ഞു. ന്യൂഡൽഹിയിൽ സെൻട്രൽ ബോർഡ് ഓഫ് ഡയറക്ട് ടാക്സ് സംഘടിപ്പിച്ച 167-ാമത് ആദായനികുതി ദിനാഘോഷങ്ങളെ അഭിസംബോധന ചെയ്യുകയായിരുന്നു മന്ത്രി.

നിയമങ്ങൾ ലളിതമാക്കുകയും ചെലവുകൾ കുറയ്ക്കുകയും ബിസിനസ്സ് എളുപ്പമാക്കുകയും ചെയ്തതിൽ 2025 ലെ ആദായനികുതി നിയമം നാഴികക്കല്ലാണെന്ന് ധനമന്ത്രി പറഞ്ഞു. സത്യസന്ധരായ നികുതിദായകർക്ക് സൗകര്യങ്ങൾ ലഭിക്കണമെന്നും ബോധപൂർവമല്ലാത്ത തെറ്റുകൾ തിരുത്താൻ അവസരങ്ങൾ വേണമെന്നും കേന്ദ്രമന്ത്രി പറഞ്ഞു. ആദായനികുതി വകുപ്പിന്റെ പ്രധാന പ്രസിദ്ധീകരണങ്ങളും ധനമന്ത്രി പുറത്തിറക്കി.

✪✪✪

ആധുനികവും സുതാര്യവും അന്താരാഷ്ട്ര തലത്തിൽ അനുയോജ്യവുമായ നിയമാന്തരീക്ഷം സൃഷ്ടിക്കുന്നതിന് ഇന്ത്യ പ്രതിബദ്ധതമാണെന്ന് വിദേശകാര്യ മന്ത്രി ഡോ. എസ്. ജയശങ്കർ പറഞ്ഞു. ന്യൂഡൽഹിയിൽ യുണൈറ്റഡ് നേഷൻസ് കമ്മീഷൻ ഓൺ ഇന്റർനാഷണൽ ട്രേഡ് ലോ 60-ാം വാർഷികാ ഘോഷത്തോടനുബന്ധിച്ച അന്താരാഷ്ട്ര സമ്മേളനത്തിന്റെ ഉദ്ഘാടന ചടങ്ങിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

✪✪✪

പരീക്ഷാ നടത്തിപ്പിൽ ഗൗരവതരമായ പരിഷ്കാരങ്ങൾ കൊണ്ടുവരുന്നതിന്റെ ഭാഗമായി, നാഷണൽ ടെസ്റ്റിംഗ് ഏജൻസി 47 ഉദ്യോഗസ്ഥരെ സർവീസിൽ നിന്ന് പിരിച്ചുവിട്ടു. ഇവരിൽ ഒരാൾക്കെതിരെ ക്രിമിനൽ നടപടികൾ സ്വീകരിക്കുമെന്നും റിപ്പോർട്ടുണ്ട്. നീറ്റ് ചോദ്യപേപ്പർ ചോർച്ചയുമായി ബന്ധപ്പെട്ട് വിവാദത്തിലായ NTA-യിൽ വരുത്തുന്ന സമഗ്ര അഴിച്ചുപണിയുടെ ഭാഗമായാണ് കൂട്ടപിരിച്ചുവിടൽ. കൂടുതൽ പേർക്കെതിരെ നിയമനടപടികൾ സ്വീകരിക്കുമെന്ന് ഗവൺമെന്റ് അറിയിച്ചു.

✪✪✪

കേന്ദ്രമന്ത്രി ജെ.പി. നദ്ദ ഇന്ന് ന്യൂഡൽഹിയിൽ സമരം ചെയ്യുന്ന CJP പ്രതിനിധികളുമായി കൂടിക്കാഴ്ച നടത്തും. ഇന്നലെ നടത്തിയ കൂടിക്കാഴ്ച്ചയിൽ CJP മൂന്ന് പ്രധാന ആവശ്യങ്ങൾ ഉന്നയിച്ചതായും, പരീക്ഷാ ചോദ്യപേപ്പർ ചോർച്ച തടയുന്നതിന് ചില പരിഷ്കാരങ്ങൾ നിർദ്ദേശിച്ചതായും നദ്ദ മാധ്യമങ്ങളോട് പറഞ്ഞു.

✪✪✪

പ്രധാനമന്ത്രി നരേന്ദ്ര മോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി 'മൻ കീ ബാത് നാളെ. രാവിലെ 11 ന് ആകാശവാണിയിലും ദൂരദർശനിലും പരിപാടി കേൾക്കാം. പരിപാടിയുടെ 136-ാം പതിപ്പാണിത്.

✪✪✪

പശ്ചിമേഷ്യയിലെ രാഷ്ട്രീയ സംഘർഷങ്ങൾ മൂലമുണ്ടായ തടസ്സങ്ങൾക്കിടയിലും രാജ്യത്തെ വളം വിതരണ ശൃംഖല സംരക്ഷിക്കുന്നതിനും വളത്തിന്റെ തടസ്സമില്ലാത്ത ലഭ്യത ഉറപ്പാക്കുന്നതിനും ഗവണ്മെന്റ് സമഗ്ര നടപടികൾ സ്വീകരിച്ചതായി

കേന്ദ്രമന്ത്രി JP നദ്ദ ലോക്സഭയിൽ അറിയിച്ചു. മേഖലയിലെ സംഘർഷങ്ങൾ വളത്തിന്റെയും പ്രധാന അസംസ്കൃത വസ്തുക്കളുടെയും ആഗോള വിതരണ ശൃംഖലയെ ബാധിച്ചതായി അദ്ദേഹം പറഞ്ഞു.

✪✪✪

രാജ്യസഭയിലേക്ക് പുതുതായി തിരഞ്ഞെടുക്കപ്പെട്ടവരും നാമനിർദ്ദേശം ചെയ്യപ്പെട്ടവരുമായ അംഗങ്ങൾക്ക് രാജ്യസഭാ സെക്രട്ടേറിയറ്റ് ഇന്ന് മുതൽ രണ്ട് ദിവസത്തെ സംവാദാത്മക പരിപാടി സംഘടിപ്പിക്കും. രാജ്യസഭാ ചെയർമാൻ CP രാധാകൃഷ്ണൻ  ഓറിയന്റേഷൻ പരിപാടി ഉദ്ഘാടനം ചെയ്യും.

രാജ്യസഭാ ഡെപ്യൂട്ടി ചെയർമാൻ ഹരിവംശ്, പ്രധാനപ്പെട്ട പാർലമെന്ററി സമിതികളുടെ പ്രവർത്തനങ്ങളെയും ചുമതലകളെയും കുറിച്ച് സംസാരിക്കും. ഭാവിയിലെ നിയമനിർമ്മാണത്തിലും പൊതുസേവന വിതരണത്തിലും നിർമ്മിത ബുദ്ധി, ബ്ലോക്ക്ചെയിൻ, ഡാറ്റാ സ്വകാര്യത നിയമങ്ങൾ എന്നിവ ചെലുത്തുന്ന സ്വാധീനം മനസ്സിലാക്കൽ' എന്ന വിഷയത്തിൽ കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ്  പ്രത്യേക സെഷനിൽ സംസാരിക്കും.

✪✪✪

റവന്യൂ വകുപ്പിന്റെ സേവനങ്ങൾ വേഗത്തിൽ ലഭ്യമാക്കുന്നതിന്റെ ഭാഗമായി നിലവിലെ ഭൂമി തരംമാറ്റ, പട്ടയഅപേക്ഷകൾ അടിയന്തരമായി തീർപ്പാക്കുന്നതിന് പ്രത്യേക കർമ്മപദ്ധതിക്ക് തുടക്കമിട്ടതായി  മന്ത്രി A.P അനിൽകുമാർ അറിയിച്ചു. റവന്യൂ വകുപ്പിന്റെ വിവിധ പ്രവർത്തനങ്ങൾ, വകുപ്പിന്റെ 100 ദിന കർമ്മ പരിപാടി, ഡിജിറ്റൽ റീസർവേ, വികസന പദ്ധതികൾക്ക് ഭൂമിയേറ്റെടുക്കൽ നടപടികൾ തുടങ്ങിയവയുടെ പുരോഗതി വിലയിരുത്താൻ കോഴിക്കോട് ജില്ലയിലെ റവന്യൂ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി  മന്ത്രിയുടെ നേതൃത്വത്തിൽ അവലോകന യോഗം നടത്തി.

അഞ്ച് സെന്റ് മുതൽ 15 സെന്റ് വരെ ഭൂമിയുള്ള സാധാരണക്കാരുടെ അപേക്ഷകളിൽ ഉദാര സമീപനം സ്വീകരിക്കും. വീട് നിർമ്മിക്കുന്നവർക്ക് ഭൂമി തരംമാറ്റത്തിന്  പ്രത്യേക മുൻഗണന നൽകുമെന്നും മന്ത്രി വ്യക്തമാക്കി. ഭൂമിയുള്ള അർഹരായവർക്ക് പട്ടയം നൽകുന്നതിന് പ്രത്യേക പ്രാധാന്യം നൽകും. പട്ടയം വഴി ലഭിച്ച ഭൂമി

കൈമാറ്റം ചെയ്യുന്നതിന് കാലപരിധി നിബന്ധനകൾ ലളിതമാക്കാനും, ഉപാധി രഹിത പട്ടയം നൽകുന്ന കാര്യവും ഗവണ്മെന്റ് ആലോചിക്കുന്നുണ്ടെന്നും മന്ത്രി പറഞ്ഞു. ഭരണപരമായ തടസ്സങ്ങൾ ഒഴിവാക്കി സാധാരണക്കാർക്ക് ഭൂമിയിൽ പൂർണ്ണ അവകാശം ലഭ്യമാക്കുകയാണ് ഗവണ്മെന്റ് ലക്ഷ്യമെന്നും മന്ത്രി അറിയിച്ചു.

✪✪✪

സംസ്ഥാന ഗവണ്മെന്റിന്റെ 100 ദിന കർമ്മപരിപാടിയിൽ പൊതുവിദ്യാഭ്യാസ വകുപ്പിലെ കൈറ്റ് നടപ്പാക്കുന്ന നൂതന പദ്ധതികളുടെ ഭാഗമായി, പ്രൈമറി വിഭാഗം പ്രഥമാധ്യാപകരുടെ ശിൽപ്പശാലയും 'ഡിജിറ്റൽ സ്ക്വയർ' പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനവും ഇന്ന് മലപ്പുറത്ത് നടത്തും. ജില്ലാ പഞ്ചായത്ത് ഹാളിൽ ഉച്ചയ്ക്ക് മന്ത്രി N ഷംസുദ്ദീൻ പ്രഥമാധ്യാപകരുമായി നേരിട്ടും, മറ്റ് ജില്ലകളിലെ അധ്യാപകരുമായി ഓൺലൈനായും സംവദിക്കും

✪✪✪

സംസ്ഥാനത്ത് വടക്കൻ ജില്ലകളിൽ ഇടിമിന്നലോടു കൂടിയ ശക്തമായ മഴയ്ക്കും കാറ്റിനും സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. ഇന്ന് കണ്ണൂർ, കാസർകോട് ജില്ലകളിൽ മഞ്ഞ ജാഗ്രതയാണ്.

✪✪✪

ജൈവകൃഷി രംഗത്ത് കാസർകോട് ജില്ല മുന്നേറുന്നു. 3,000 ഹെക്ടർ സ്ഥലത്താണ് ജൈവകൃഷിപദ്ധതിയിൽ ഉൾപ്പെടുത്തി കൃഷി നടത്തുന്നത്. പദ്ധതിയിൽ ഉൾപ്പെടുന്ന കർഷകർക്ക് ഓൺലൈനിൽ സ്വന്തം ഉൽപന്നങ്ങൾ വിൽക്കാനും അവസരമുണ്ട്

കൂടുതൽ വിവരങ്ങളുമായി കാസർകോട്ട് നിന്ന് P ജഗന്നിവാസൻ.

....(വോയ്സ്)....................

✪✪✪

ഇന്ത്യ-സിംബാബ്‌വെ മൂന്നു മത്സര ട്വന്റി-20 പുരുഷ ക്രിക്കറ്റ് പരമ്പരയിലെ രണ്ടാം മത്സരം ഇന്ന്. സിംബാബ്‌വെയിൽ ഇന്ത്യൻ സമയം വൈകിട്ട് നാലരയ്ക്കാണ് മത്സരം.

ആദ്യ മത്സരത്തിൽ ഏഴ് വിക്കറ്റിന്റെ ആധികാരിക വിജയം സ്വന്തമാക്കിയ ഇന്ത്യ പരമ്പരയിൽ 1-0 ന് മുന്നിലാണ്.

✪✪✪

ഗ്ലാസ്ഗോയിൽ കോമൺവെൽത്ത് ഗെയിംസിൽ, പുരുഷന്മാരുടെ ഹെവിവെയ്റ്റ് പാരാ പവർലിഫ്റ്റിംഗ് ഫൈനലിൽ ഇന്ത്യയുടെ ജണ്ടു കുമാറിന് വെങ്കലം. ഇത്തവണ ഗെയിംസിൽ ഇന്ത്യ നേടുന്ന ആദ്യ മെഡലാണിത്.

✪✪✪

ഒമാനിലെ മസ്കറ്റിൽ FIH ഹോക്കി ഏഷ്യൻ ചാമ്പ്യൻഷിപ്പിൽ, ഇന്ത്യൻ സബ്-ജൂനിയർ ആൺകുട്ടികളുടെ ടീം പാകിസ്ഥാനെയും, ആതിഥേയരായ ഒമാനെയും പരാജയപ്പെടുത്തി. അതേസമയം, സബ്-ജൂനിയർ പെൺകുട്ടികളുടെ ടീം ചൈനയോട് പരാജയപ്പെട്ടു.

✪✪✪

ഡ്യുറന്റ് കപ്പ് ഫുട്ബോൾ ടൂർണമെന്റിന് ഇന്ന് കൊൽക്കത്തയിൽ തുടക്കമാകും. ആദ്യ മത്സരത്തിൽ മോഹൻ ബഗാൻ സൂപ്പർ ജയന്റ്സ്, ഈസ്റ്റ് ബംഗാളിനെ നേരിടും. വൈകിട്ട് അഞ്ചിന് വിവേകാനന്ദ യുവഭാരതി സ്റ്റേഡിയത്തിലാണ് മത്സരം.

✪✪✪

ഖാദി ഗ്രാമ വ്യവസായ ബോർഡിന്റെ ഓണം ഖാദി മേള ഇന്ന് രാവിലെ കണ്ണൂരിൽ മന്ത്രി സണ്ണി ജോസഫ് ഉദ്ഘാടനം ചെയ്യും. അടുത്ത മാസം 25 വരെ നടക്കുന്ന മേളയിൽ സിൽക്ക് സാരി മഹോത്സവവും സംഘടിപ്പിക്കുന്നുണ്ട്.

✪✪✪

ഖാദി ഉൽപ്പന്നങ്ങളുടെ വിപണനം പ്രോത്സാഹിപ്പിക്കുന്നതിന് ഗവണ്മെന്റ് വൈവിധ്യമാർന്ന പദ്ധതികൾ ആവിഷ്കരിക്കുമെന്ന് മന്ത്രി K.A തുളസി പറഞ്ഞു. "ഓണം ഖാദി മേള 2026' പാലക്കാട് ജില്ലാതല ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു മന്ത്രി.

✪✪✪

കർക്കടക വാവുബലി ചടങ്ങുകൾ നടക്കുന്ന തിരുവനന്തപുരം തിരുവല്ലം ശ്രീ പരശുരാമ സ്വാമി ക്ഷേത്രവും ബലി കടവുകളും തീർത്ഥാടന ടൂറിസത്തിന്റെ ഭാഗമാക്കി വികസിപ്പിക്കുമെന്ന് മന്ത്രി

കെ.മുരളീധരൻ പറഞ്ഞു. ക്ഷേത്രത്തിൽ ഈ വർഷത്തെ കർക്കടക വാവുബലിയോടനുബന്ധിച്ച ഒരുക്കങ്ങൾ വിലയിരുത്തിയ ശേഷം സംസാരിക്കുകയായിരുന്നു മന്ത്രി.

✪✪✪

കോഴിക്കോട് മണാശ്ശേരിയിൽ സ്ക്കൂൾ വീട്ട് ഓട്ടോറിക്ഷയിൽ വീട്ടിലേക്ക് പോകുന്നതിനിടയിൽ ഓട്ടോയിൽ നിന്ന് റോഡിലേക്ക് തെറിച്ചുവീണ് ലോറിക്കടിയിൽപ്പെട്ട് ഏഴ് വയസ്സുകാരൻ മരിച്ചു. മണാശ്ശേരി ഗവൺമെന്റ് UP സ്കൂളിലെ രണ്ടാം ക്ലാസ് വിദ്യാർത്ഥി അമൽ ആണ് മരിച്ചത്.

ഓട്ടോറിക്ഷയുടെ വലത് ഭാഗത്തെ ഡോർതുറന്ന് കുട്ടി റോഡിലേക്ക് തെറിച്ചുവീഴുകയായിരുന്നു. ഈ സമയം എതിർദിശയിൽ നിന്നും വന്ന ലോറി, കുട്ടിയുടെ ദേഹത്ത് കയറിയിറങ്ങുകയായിരുന്നു. ഇന്നലെ വൈകിട്ടാണ് അപകടം.

✪✪✪

---

*News Editor : പി ചന്ദ്രബാബു*
*News Reader: അബ്ദുൽ കബീർ*
*News Team: രജിന കെ*
*DEO : ഷീബ*